**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4406** **19-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ നിർവ്വഹണ ചുമതല ഏതൊക്കെ ഏജൻസിക്കാണെന്നും അറിയിക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത കോളനികളിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി കോളനികളിൽ പുതിയ പദ്ധതി നിർദ്ദേശങ്ങളൊന്നും അംഗീകരിച്ചുവന്നിട്ടില്ല.<br>തമ്പലക്കാട് റ്റി.ആർ.ഡി.എം. പട്ടികവർഗ്ഗ കോളനിയിൽ കുറ്റിയാടി തെങ്ങിൻതൈ, ബഡ് പ്ലാവ്, മാവ്, എന്നീ തൈകളുടെ വിതരണം, റബ്ബർ മരങ്ങൾക്കുള്ള രാസ വള വിതരണം എന്നീ പദ്ധതികൾ നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . കൂടാതെ 10,11,000/- രൂപ ചെലവിൽകുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (സി) | അനുവദിക്കപ്പെട്ട എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കാമോ? | (സി) | പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടികജാതി കോളനികൾ

| കോളനി | പദ്ധതി | ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ | നിലവിലെ സ്ഥിതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| മണിമല മാതൃകാ കോളനി | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി- 2013- 14 | കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി നവീകരണം, സംരക്ഷണ ഭിത്തി, കുഴൽ കിണർ നിർമ്മാണം | കമ്മ്യൂണിറ്റി ഹാളിൽ ടോയ് ലറ്റ് സാനിട്ടറി ഐറ്റംസ്, വാട്ടർ കണക്ഷൻ, അടുക്കള, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിക്കാനുണ്ട് | എഫ്.ഐ.റ്റി |
| നെടുമല കോളനി | അംബേദ്കർ ഗ്രാമം പദ്ധതി (2019-20 ) | കുടിവെള്ള പദ്ധതി | കുടിവെള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ നിർവ്വഹണ ഏജൻസി തയ്യാറാകാത്തതിനാൽ ടി പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. | ജില്ലാ നിർമ്മിതി കേന്ദ്രം |
| ചെരുവിൽ എസ് .സി. കോളനി | കോർപ്പസ് ഫണ്ട് 2020-21 | അടിസ്ഥാന സൗകര്യ വികസനം | ഭരണാനുമതി നൽകിയിട്ടുണ്ട്. | ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **പട്ടികവർഗ്ഗ കോളനികൾ** | | | | |
| തമ്പലക്കാട് റ്റി.ആർ.ഡി.എം. പട്ടികവർഗ്ഗ കോളനി | കോർപ്പസ് ഫണ്ട് 2021-22 | ജീവനോപാധി വിതരണം, കുടിവെള്ള ടാങ്ക് വിതരണം | പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. | - |

സെക്ഷൻ ഓഫീസർ